**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 192** **08-08-2023 - ൽ മറുപടിയ്ക്ക്**

**വടകര ജില്ലാ ആശുപത്രി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വടകര ജില്ലാ ആശുപത്രിയെ നിലവിൽ ജില്ലാ ആശുപത്രിയായി ആണോ താലൂക്ക് ആശുപത്രിയായി ആണോ സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആർദ്രം മാനദണ്ഡമനുസരിച്ച് വടകര ജില്ലാ ആശുപത്രിയെ താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണും ഭൗതിക സൗകര്യങ്ങളും ജില്ലാ ആശുപത്രിയുടെതാണോ താലൂക്ക് ആശുപത്രിയുടെതാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. |
| (സി) | മലയോര മേഖലയായ വടകരയിലെ സാധാരണക്കാരായ ജനങ്ങളുടെ ഏക ആശ്രയമായ സർക്കാർ ആശുപത്രി എന്ന നിലയിൽ പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണും ഭൗതിക സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി NABARD ഫണ്ടുപയോഗിച്ച് നാല് നില കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. PMJVK പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനായി 83 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ